പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3990 18.10.2011- ൽ മറുപടിക്ക്

## ഫ്ളഡ് മാനേജ്മെന്റ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. റ്റി.എ. അഹമ്മദ് കബീർ**<br>**ശ്രീ. കെ.എൻ.എ. ഖാദർ**<br>**ശ്രീ. പി.കെ. ബഷീർ**<br>**ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിൽപ്പെടുത്തി സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ഫ്ളഡ് മാനേജ്മെന്റ് എന്ന പ്രോഗ്രാം സംസ്ഥാനത്ത് റവന്യൂ വകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ, മണിമല, മീനച്ചിൽ എന്നീ നദികളെ മാത്രം മുൻ നിർത്തി വെള്ളപ്പൊക്ക ദുരിത ലഘൂകരണം ഉദ്ദേശിച്ചു കൊണ്ട് ഒരു ഫ്ളഡ് മോണിട്ടറിംഗ് പൈലറ്റ് പ്രോഗ്രാം (റിവർ മോണിട്ടറിംഗ്, മോഡലിംഗ് & ഏർളി വാണിംഗ് സിസ്റ്റം) നടപ്പാക്കുന്നതിന് കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പുമായി ഒരു ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ ഈ പ്രോഗ്രാമിൽപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നതിന്റെ വിശദവിവരം നൽകുമോ? | (ബി) | മലപ്പുറം ജില്ലയിൽ ഈ പ്രോഗ്രാമിൽപ്പെടുത്തിയ പദ്ധതികൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ